# സാഹിത്യവാരഫലം

## ഡോക്ടർ കെ. ഭാസ്കരൻനായർ

ഡോക്ടർ കെ ഭാസ്കരൻനായർ ധൈഷണികജീവിതം നയിക്കുന്ന മഹാവ്യക്തിയാണ്. ധൈഷണികജീവിതം നയിക്കുന്ന ആളുകളെയാണ് ഇംഗ്ലീഷിൽ "ഇൻറലക്ച്വൽസ്" എന്നു വിളിക്കുക. നമ്മുടെ സമുദായത്തിൽ "സ്യൂഡോ ഇൻറലക്ച്വൽസ്" ധാരാളം പേരുണ്ട്. ഭാസ്കരൻനായർ സ്യൂഡോ ഇൻറലക്ച്വൽ അല്ല; യഥാർത്ഥത്തിൽ ഇൻറലക്ച്വൽ തന്നെ. അധികാരത്തിലിരുന്നപ്പോൾ ആളുകളെ അനുഗ്രഹിക്കുന്നതിനുപകരം നിഗ്രഹിക്കുന്നതിൽ തൽപരനായിരുന്ന അദ്ദേഹത്തിനു ശത്രുക്കൾ ഒരു പാടുണ്ടായതു സ്വാഭാവികം ആ നിഗ്രഹത്തിനു നീതിമത്കരണം ധർമ്മചിന്തയുള്ള അദ്ദേഹം സ്വയം കണ്ടിരിക്കാം. എങ്കിലും നിരപരാധർപോലും ആ ശത്രുസംഘത്തിൽ പെട്ടുപോയിട്ടുണ്ട്. അവരിൽ ഒരാളാണ് ഇതെഴുതുന്നതു് അതിനാൽ വ്യക്തിയായ ഡോക്ടർ ഭാസ്കരൻനായരെ ഞാനിഷ്ടപ്പെടുന്നില്ല. പക്ഷേ സാഹിത്യകാരനും ചിന്തകനും ഭാരതീയസംസ്കാരത്തിൻെറ ഉദ്ഘോഷകനും ആയ അദ്ദേഹത്തിൻെറ മുൻപിൽ ഞാൻ തലകുനിച്ചുനില്ക്കുന്നു. എൻെറ ഈ ബഹുമാനം അദ്ദേഹത്തിനു വേണ്ടായിരിക്കാം. അതിൽ ഒരു കുഴപ്പവുമില്ല. നാം കഴിവുള്ളവരെ ബഹുമാനിക്കുന്നതു് അവർക്കുവേണ്ടിയല്ല; നമുക്കുവേണ്ടിയാണ്. സ്വാമി വിവേകാനന്ദനെ നമ്മൾ ബഹുമാനിക്കുമ്പോൾ നമ്മൾതന്നെയാണ് ഉയരുന്നതു്. അതുകൊണ്ട് എൻെറ ശത്രുവായ ഭാസ്കരൻനായരെ ഞാൻ സ്നേഹിക്കുന്നു: ഇൻറലക്ച്വലായ അദ്ദേഹത്തെ ബഹുമാനിക്കുന്നു പക്ഷേ ഡോക്ടർ ഭാസ്കരൻനായരെപ്പോലുള്ള "ഇൻറലക്ച്വൽസ്" സമുദായത്തിൽ കുറവാണ്. കൂടുതലുള്ളതു് അത്യാഗ്രഹികളും സ്വാർത്ഥതൽപരരും വിവേകശൂന്യരും ആയ രാഷ്ട്രീയ പ്രവർത്തകരാണ്. ന്യൂനപക്ഷത്തിൽപെടുന്ന ഇൻറലക്ച്വൽസ് മനുഷ്യസമുദായത്തിൻെറ കെടുതികൾ കണ്ട് ദുഃഖിക്കുന്നു. ആ കെടുതികളിൽ നിന്നു് സ്വന്തം പള്ളവീർപ്പിക്കാൻ സൗകര്യമുണ്ടെങ്കിൽ രാഷ്ട്രീയപ്രവർത്തകർ ആഹ്ളാദിക്കും. ധൈഷണികജീവിതം നയിക്കുന്നവരുടെ ചിന്തകളോട് അവർക്കു പുച്ഛമാണ്. പുസ്തകം കൈകൊണ്ടുതൊടുന്നവരല്ല അവർ. (ജവാഹർലാൽ നെഹ്റു, പനമ്പിള്ളി ഗോവിന്ദമേനോൻ, സി. അച്യുതമേനോൻ, ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, സി. നാരായണപിള്ള എന്നിങ്ങനെ ഏതാനുംപേരെ ഒഴിച്ചുനിർത്തു ശേഷമുള്ളവരെല്ലാം—ഇന്ദിരാഗാന്ധി ഉൾപ്പെടെയുള്ളവരെല്ലാം — ഗ്രന്ഥശത്രുക്കളാണ്) സ്വന്തം പാർട്ടിയുടെ ദുർഗ്ഗന്ധംചേർന്ന അസത്യങ്ങളെയും അർദ്ധസത്യങ്ങളെയും സത്യങ്ങളാക്കി ഉദീരണം ചെയ്തുകൊണ്ട് അവർ വിരാജിക്കുന്നു ആഹ്ളാദത്തിമിർപ്പിൽ ആറാടുന്നു. ഇൻറലക്ച്വൽസ് അതുകണ്ട് ഞെട്ടുന്നു; ദുഃഖിക്കുന്നു. ആ ദുഃഖം ഭാസ്കരൻനായരുടെ വാക്യങ്ങളിൽ ഞാൻ കണ്ടു; അനുഭവിച്ചു:– "ഈ പ്രവചനം അക്ഷരംപ്രതി ശരിയായിവരുന്നതല്ലേ നാമിന്നു് അനുഭവത്തിൽ കാണുന്നതു്? ഈ പൗരാണികരാജ്യം രാഷ്ട്രീയക്കാരുടെയും കച്ചവടക്കാരുടെയും ഈ രണ്ടുകൂട്ടരെക്കാളും ഹീനന്മാരായ രാഷ്ട്രീയകച്ചവടക്കാരുടെയും കൈയാങ്കളിക്കു വിധേയമായിരി



'മലയാളനാട്' വാരിക 30.9.79.

Digitized by Kerala Sahitya Akademi

ക്കുന്നു. രണ്ടുലക്ഷവും മൂന്നുലക്ഷവും വോട്ടുകളുടെ ഭൂരിപക്ഷത്തോടെ ജനങ്ങൾ തിരഞ്ഞെടുത്തയച്ച കക്ഷിരാഷ്ട്രീയക്കാർ 1979 ജൂലായ് മാസത്തിൽ ന്യൂദൽഹിയിൽ നടത്തിയ ലജ്ജാവഹമായ കോലാഹലങ്ങൾ ഇത്തരം രാജ്യഭരണത്തിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെത്തന്നെ നശിപ്പിച്ചുകളഞ്ഞു. രാജ്യലക്ഷ്മിയുടെ മംഗല്യസൂത്രം പോലും പറിച്ചെടുത്ത് കരിഞ്ചന്തയിൽ വിൽക്കുവാനും ആ പുണ്യചരിതയെ തെരുവിലേക്ക് ആട്ടിപ്പായിക്കുവാനും ഈ ഭയങ്കരന്മാർ മടിക്കുകയില്ലെന്നു ആയിടയ്ക്കു തോന്നിപ്പോയി. രാഷ്ട്രീയജീവിതത്തിൽ സത്യധർമ്മാദിസദ്ഗുണങ്ങൾക്കു സ്ഥാനമില്ലെന്നു പലരും പറയാറുള്ളത് ഏററവും ശരിയാണെന്ന് ഒരു ശങ്കയും സങ്കോചവുമില്ലാതെ സ്വന്തം പ്രവൃത്തികൊണ്ട് അവർ തെളിയിച്ചു. അവ തല്ക്കാലക്ഷോഭത്തിൽ, വീണ്ടുവിചാരമില്ലാതെ ചെയ്ത പ്രവൃത്തികളായിരുന്നില്ല. കരുതിക്കൂട്ടി കൂടിയാലോചിച്ച്, കൂട്ടംകൂട്ടമായി ചെയ്ത കുതികാൽവെട്ടാണ്" "എത്ര ആർജ്ജവത്തോടെ (Sincerity) ലേഖകൻ എഴുതുന്നു ! മാതൃഭൂമിയിലെ ഈ ലേഖനം ഇംഗ്ളീഷിലേക്കു തർജ്ജമചെയ്ത് ഈ കുതികാൽവെട്ടുകാർക്കു അയച്ചുകൊടുക്കേണ്ടതാണ്. പക്ഷേ, എന്തുഫലം? കുതികാൽവെട്ടുന്നവരുടെ ഫോർമുല വേറൊന്നാണ്. സ്വാർത്ഥം ആദ്യം; കക്ഷി രണ്ടാമത്; എന്നതാണ് അവരുടെ സൂത്രവാക്യം. അതിൽ ഇന്ത്യ എന്നൊരു ഘടകമില്ല. നമ്മുടെ ദൗർഭാഗ്യം എന്നേ പറയേണ്ടൂ ഈ രാഷ്ട്രീയക്കാർ എന്നും വിരാജിക്കും. കാരണം ഇൻറലക്ച്വൽസ് ഒരിക്കലും പരിഗണിക്കപ്പെട്ടിട്ടില്ല എന്നതുതന്നെ. അലക്സാണ്ടർചക്രവർത്തിയെയാണോ ലോകം ബഹുമാനിച്ചത് അതോ അരിസ്റ്റോട്ടലിനേയോ? നെപ്പോളിയനെ ലോകം ബഹുമാനിച്ചോ, അതോ, ഗോയ്ഥേയെ ബഹുമാനിച്ചോ? ഹിററ്ലർ കോടിക്കണക്കിനു മനുഷ്യശിരസ്സുകൾ മുറിച്ചിട്ടപ്പോൾ കൈയടിച്ചവർ ഐൻസ്റ്റൈനിൻെറ സ്നേഹസന്ദേശം ശ്രവിച്ചുവോ? ഇല്ല ഉടനെ സംഭവിക്കാനിരിക്കുന്ന ആപത്തുകൾ മുൻകൂട്ടിക്കണ്ട് ഇൻറലക്ച്വൽസ് പേടിക്കും. രാഷ്ട്രീയപ്രവർത്തകർ പേടിക്കില്ല. കുറച്ചുകാലമെങ്കിലും കീശവീർപ്പിക്കാമല്ലോ എന്നാണ് അവരുടെ വിചാരം. ഡോക്ടർ ഭാസ്കരൻനായർ ഗദ്യത്തിലൂടെ ശക്തമായി ആവിഷ്കരിച്ചതിനെ ശ്രീ ഒ. വി. വിജയൻ ഹാസ്യചിത്രത്തിലൂടെ ശക്തമായി, കലാത്മകമായി സ്ഫുടീകരിക്കുന്നു. (മാതൃഭൂമി, ലക്കം 26, പുറം 57) 'നാറാണത്തുഭ്രാന്തൻ' എന്നാണ് ഹാസ്യചിത്രത്തിനുനല്കിയിരിക്കുന്ന പേര്. ഭ്രാന്തൻ രാജ്നാരായണനാണ്. അയാൾ ചരൺസിംഗിൻെറ തലയാകുന്ന കരിങ്കല്ല് ഉരുട്ടി കുന്നിൻെറമുകളിലേക്കുകയററുന്നു. അതു ഉരുണ്ടുപോകുമ്പോൾ ഭ്രാന്തൻ കൈകൊട്ടിച്ചിരിക്കും. പിന്നെയും അതു മുകളിലേക്കു ഉരുട്ടിക്കയററും. അവിരാമമായ പ്രവർത്തനം. നമ്മുടെ രാഷ്ട്രവ്യവഹാരത്തിൻെറ വ്യർത്ഥതയേയും അതിലടങ്ങിയിരിക്കുന്ന ഭ്രാന്തിനേയും അനുഗൃഹീതനായ ഈ കലാകാരൻ നിസ്തുലമായ മട്ടിൽ ആലേഖനംചെയ്യുന്നു. ഇന്നത്തെ ജീർണ്ണതയെ ഏതാനും വരകൾകൊണ്ട് അഭിവ്യഞ്ജിപ്പിക്കുന്ന ഡോക്ടർ ഭാസ്കരൻനായരോടും ഒ. വി വിജയനോടും ബഹുജനത്തിനു കടപ്പാടുണ്ട്.

## സുഗതകുമാരി

ധൈഷണികജീവിതം നയിക്കുന്നവർക്ക് ആധുനികലോകത്ത് പ്രവർത്തിക്കാൻ ഒന്നുമില്ലെന്നും അവരുടെ പ്രവർത്തനങ്ങൾ പ്രയോജനശൂന്യങ്ങളാണെന്നും ഞാനെഴുതി. എങ്കിലും Poets are the unacknowledged legislators of the world "എന്നാണ് പണ്ടൊരു കവി പറഞ്ഞത്. ഭാവനയോടു ബന്ധപ്പെട്ടാണ് സംസ്കാരത്തിൻെറയും പരിഷ്കാരത്തിൻെറയും നില എന്ന് ഈ വാക്യം ഭംഗ്യന്തരേണ സ്ഥാപിക്കുന്നു. ആ വിശ്വാസമാണ് ശ്രീമതി സുഗതകുമാരിയുടെ "കാവൽ" (മാതൃഭൂമി) എന്ന നല്ല കവിതയുടെ പ്രഭവകേന്ദ്രം. കവിയുടെ തെല്ലകലെയായി ഒരു മഹാരണ്യം അവിടെ

"കാട്ടിൽ കരിമലപോൽ കൊമ്പൻ
കാവലുനില്ക്കുന്നു
കാട്ടുമരക്കൊമ്പിൽ പത്തികൾ
ചീറിപ്പിണയുന്നു



Digitized by Kerala Sahitya Akademi

# സാഹിത്യവാരഫലം

## വിവരണം കവിതയല്ല

അറുപതോളം ഗ്രന്ഥങ്ങളെഴുതി ലോകപ്രശസ്തിനേടിയ ഇററലിക്കാരൻ ജോവന്നീ പെപിനി (Giovanni Papini 1881–1956) യേശുക്രിസ്തുവിന്റെ ജീവചരിത്രം രചിച്ചിട്ടുണ്ട്. One of the masterpieces of all literature; A titanic performance, the work of an intellectual giant എന്നും മററും നിരൂപകർ വാഴ്ത്തുന്ന ആ ഗ്രന്ഥത്തിൽ യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള വർണ്ണന തുടങ്ങുന്നതു് ഇങ്ങനെയാണ്:– "This is the real stable where Jesus was born; The filthiest place in the world was the first room of the only Pure Man ever born of woman. The son of Man, who was to be devoured by wild beasts calling themselves men, had as His first cradle the manger where the animals chewed the cud of the miraculous flowers of spring."

ഇനി ശ്രീ വെണ്ണിക്കുളം യേശുവിനെക്കുറിച്ച് "ദീപിക" ആഴ്ചപ്പതിപ്പിൽ എഴുതിയ "സർവലോകോത്സവം" എന്ന കവിത വായിച്ചുനോക്കുക. കവിത തുടങ്ങുന്നു:–

"വിശുദ്ധകന്യകാതനുജനായ്‌വന്നു
പശുത്തൊഴുത്തിനെയലങ്കരിച്ചവൻ
ജനിച്ച വാസരം വരുന്നു പിന്നെയു-
മനർഘമത്ഭുതപ്രഭാനിഷേവിതം
തിരകളിലൂടെ തിരുവരിവച്ചു
കരയിലെന്നപോൽ ചരിച്ചനാഥനെ
സ്മരിക്കുവാനുള്ള പവിത്രമാദിനം
ഹരിക്കുമാരെയുമശേഷമോഹനം."

പെപിനിയുടേതു ഗദ്യം; വെണ്ണിക്കുളത്തിന്റേതു പദ്യം! രണ്ടും വിജ്ഞപ്തികൾ — information — മാത്രമാണ്. അ

തിൽക്കവിഞ്ഞ് അവയ്ക്ക് ഒരു സ്ഥാനവുമില്ല. തമ്മിൽ ഭേദം തൊമ്മൻ എന്നു പറയുന്നതുപോലെ പെപിനിയുടെ ഗദ്യം വെണ്ണിക്കുളത്തിന്റെ പദ്യത്തെക്കാൾ മെച്ചമാണ്. കവിത അനുഭവത്തിന്റെ ആവിഷ്കാരമാണ്. ആശയം അനുഭവമായി മാറണം. ഇല്ലെങ്കിൽ അതു് വിജ്ഞപ്തിപ്രഭാഷണങ്ങളാവും. "അവൾ നക്ഷത്രം നിറഞ്ഞ അന്തരീക്ഷം നോക്കിനിന്നു" എന്നെഴുതിയാൽ കവിതയില്ല. "അന്തരീക്ഷത്തിൽനിന്നു് അവൾ കൈകൊണ്ടു് നക്ഷത്രങ്ങൾ അടർത്തിയെടുത്തു" എന്നെഴുതിയാൽ കവിതയാണ്. "നക്ഷത്രങ്ങൾനിറഞ്ഞ ആകാശത്തു ചന്ദ്രക്കല ശോഭിക്കുന്നു" എന്ന പ്രസ്താവത്തിൽ ആശയമേയുള്ളു "ഏതു് ഈശ്വരനാണ്, ഏതു ശാശ്വതവസന്തത്തിന്റെ കൊയ്ത്തുകാരനാണ് നക്ഷത്രങ്ങളുടെ വയലിൽ ഈ സ്വർണ്ണക്കൊയ്ത്തരിവാൾ അലക്ഷ്യമായി എറിഞ്ഞിട്ടു പോയിരിക്കുന്നതു്?" (വിക്ടർ യൂഗോ) എന്നു ചോദിക്കുമ്പോൾ അതു ഉത്കൃഷ്ടമായ കവിതയായി. വെണ്ണിക്കുളത്തിന്റെ കാവ്യം വെറും വിവരണമാണ്. വിവരണത്തിൽ കവിതയില്ല അതു ഹൃദയത്തിന്റെ സന്തതിയല്ല; ബുദ്ധിയുടേതാണ്;

## ചങ്ങമ്പുഴ പറഞ്ഞ സത്യം

പണ്ട്–എന്നു പറഞ്ഞാൽ 1942-ൽ ചങ്ങമ്പുഴയെ തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ വായനശാലയിൽവച്ചു ഞാൻ കണ്ടു. ചങ്ങമ്പുഴ തന്റെ കാവ്യങ്ങൾ മാതൃഭൂമിയുടെ ലക്കങ്ങളിൽനിന്നു പകർത്തിയെടുക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുക്കൽച്ചെന്നുനിന്നു. ചങ്ങമ്പുഴ പേന താഴെവച്ചു് പുഞ്ചിരി പൊഴിച്ചു. "എന്റെ പല കവിതകളുടെയും കൈയെഴുത്തുപ്രതികൾ കൈവശ



Digitized by Kerala Sahitya Akademi

മില്ല. അവ പകർത്തിയെടുക്കുകയാണു് ഞാൻ" എന്നു് അദ്ദേഹം പറഞ്ഞു. തുടർന്നു് അല്പസമയം ഞങ്ങൾ സംസാരിച്ചു. മററു കാര്യങ്ങൾ സംസാരിച്ച കൂട്ടത്തിൽ അദ്ദേഹം അറിയിച്ചു. "ഞാൻ ഇന്നു മലയാളത്തിൽ വരുന്ന ഒന്നും വായിക്കാറില്ല. ഒരാളെഴുതുന്നതുമാത്രം വായിക്കും. ഡോക്ടർ ഭാസ്കരൻനായർ. അദ്ദേഹത്തെപ്പോലെ മനോഹരമായി മലയാളഭാഷ എഴുതുന്നവർ അധികപേരില്ല'' മുപ്പത്തിയെട്ടുവർഷം മുൻപു് ചങ്ങമ്പുഴ വ്യക്തമാക്കിയ ഈ പരമാർത്ഥം ഇന്നും പരമാർത്ഥം തന്നെ. അനുഗൃഹീതനായ ഭാസ്കരൻനായർ [അക്ഷരമറിയാത്തവന്മാർ പോലും ഡോക്ടറന്മാരായി വിരാജിക്കുന്ന ഇക്കാലത്തു് മഹാനായ ഒരെഴുത്തുകാരനെ—ഭാസ്കരൻനായരെ — ഡോക്ടർ എന്നു വിശേഷിപ്പിക്കാൻ മനസ്സു് സമ്മതിക്കുന്നില്ല. ആളാരാണെന്നു വായനക്കാർക്കു മനസ്സിലാക്കാനായി മുകളിൽ ഒരിക്കൽമാത്രം ഞാൻ ആ വിശേഷണം അല്ലെങ്കിൽ ബിരുദം എഴുതിയിട്ടുണ്ടു്. അതും ചങ്ങമ്പുഴ പറഞ്ഞതാണു്. ഞാനല്ല] ദീപിക ആഴ്ചപ്പതിപ്പിൽ എഴുതിയ ലേഖനത്തിൽനിന്നു് ഒരു ഭാഗം എടുത്തെഴുതട്ടെ:—

"പടർന്നുപിടിച്ചു് ആകാശംമുട്ടി നിൽക്കുന്ന വനഭൂമികൾ വെട്ടിത്തെളിച്ചു്, സ്വയം നട്ടുവളർത്തിയ നിഷ്ഫലമായ സസ്യജാലത്തിന്മേൽ ക്ഷൗരകർമ്മംനടത്തി; മനസ്സിലിരിക്കുന്ന ക്ഷേത്രഗണിതരൂപങ്ങളിൽ നാഗരികോദ്യാനങ്ങൾ നിർമ്മിച്ചു് ആനന്ദവും സംതൃപ്തിയും നേടുവാൻ ശ്രമിക്കുന്നവരെപ്പോലെയാണു് ഇത്തരം പണ്ഡിതന്മാർ. അവർക്കു പാരമ്പര്യവും പൂർവവിജ്ഞാനവുമെല്ലാം വെട്ടിനശിപ്പിക്കേണ്ട കാടാണു്. ഇന്ത്യയിലെ ആധ്യാത്മികസംസ്കാരം ഘോരകാന്താരമാണു്. അതിനെക്കാൾ എത്രയോ നല്ലതും ഭംഗിയുള്ളതുമാണു് ന്യൂയോർക്കിലെയും മോസ്കോയിലെയും ലണ്ടനിലെയും കോൺക്രീററ് നരകങ്ങൾ. വനതലങ്ങളുടെ ഭംഗിയും മേന്മയും മൂല്യങ്ങളും മനുഷ്യന്റെ ചേതനയ്ക്കു് അവ നല്കുന്ന തണലും ശാന്തിയും മനസ്സിലാക്കുവാൻ ജനസഞ്ചയത്തിന്റെ ഹൃദയഗതിയറിയുന്ന സഹാനുഭൂതിവേണം. ഭാവനാശക്തിവേണം; സ്നേഹം വേണം.''

എത്രയൊരു ലയാത്മകമായ, ചേതോഹരമായ ഗദ്യശൈലി മലയാളഗദ്യത്തിനു ഇത്രമാത്രം ഭംഗിയുണ്ടെന്നു് ഞാൻ മനസ്സിലാക്കുന്നതു ശ്രീ ഭാസ്കരൻനായരുടെ പ്രബന്ധങ്ങൾ വായിക്കുമ്പോഴാണു്. ഹിന്ദിഭാഷയുടെ അതിപ്രസരംകൊണ്ടും അധിപ്രസരംകൊണ്ടും (അതിപ്രസരം = ആധിക്യം. അധിപ്രസരം = സ്വാധീനം) ഭാരതീയസംസ്കാരത്തിനു വരുന്ന പരിവർത്തനത്തെക്കുറിച്ചാണു് ലേഖകൻ എഴുതുന്നതു്. പ്രൗഢമായ, ചിന്തോദ്ദീപകമായ, വിദ്വജ്ജനോചിതമായ പ്രബന്ധം. എല്ലാ വാരികകളും ശ്രീ ഭാസ്കരൻനായരുടെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയെങ്കിൽ!

## ഇടപ്പള്ളിയെക്കുറിച്ചു്

"1978-ൽ മോസ്കോയിലെ 'പ്രോഗ്രസ്സ് പബ്ളിഷേഴ്സ്' പ്രസാധനംചെ

## എം. കൃഷ്ണൻനായർ

സ്സ A Book About Artists എന്ന നല്ല പുസ്തകത്തിൽ വാൻകോക്ക് (Van Gogh) ഗോഗങ് (gauguin) എന്നിങ്ങനെയുള്ള ചില ചിത്രകാരന്മാരെക്കുറിച്ചുള്ള പഠനങ്ങളുണ്ടു്. പഠനങ്ങൾ എന്ന പേരിനെക്കാൾ "ഇംപ്രഷനിസ്റ്റിക് റൈററിംഗ്" എന്ന പേരായിരിക്കും അവയ്ക്കു യോജിക്കുക. വാൻകോക്കിനെക്കുറിച്ചു് ഗ്രന്ഥകാരനെഴുതിയ ലേഖനത്തിൽ ദസ്തേയേവ്സ്കി ഗദ്യത്തിന്റെ കുരിശിൽ തറയ്ക്കപ്പെട്ടതുപോലെ വാൻകോക്ക് ചിത്രങ്ങളുടെ കുരിശിൽ തറയ്ക്കപ്പെട്ടുവെന്നു് പറഞ്ഞിരിക്കുന്നു. അതുപോലെ തന്റെ കവിതയുടെ കുരിശിൽ തറയ്ക്കപ്പെട്ട കവിയായിരുന്നു ഇടപ്പള്ളി രാഘവൻപിള്ള; അദ്ദേഹത്തെക്കുറിച്ചു് ശ്രീ ചങ്ങമ്പുഴ പ്രഭാകരൻ 14-ാം ലക്കത്തിൽ എഴുതിയ ലേഖനം മനോഹരമായിരുന്നു. എന്നാൽ 15-ാം ലക്കത്തിലെ ലേഖനം തികച്ചും



Digitized by Kerala Sahitya Akademi